പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4429

21.03.2018-ൽ മറുപടിയ്ക്ക്

## വാഹന അപകടങ്ങൾ കുറയ്ക്കുവാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ശശി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ദൈനംദിനം വർദ്ധിച്ചു വരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുവാനും, അതുവഴി മനുഷ്യജീവൻ സംരക്ഷിക്കാനുമായി ആഭ്യന്തര വകുപ്പും അനുബന്ധ വകുപ്പുകളും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം ആണെന്ന് അറിയിക്കുമോ ; | (എ) സംസ്ഥാനത്ത് ദൈനംദിനം വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി ട്രാഫിക് പോലീസ്, ലോക്കൽ പോലീസ് എന്നിവർ വാഹന പരിശോധന നടത്തി ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് ഹൈവേ പട്രോളിംഗ് ശക്തമാക്കിയും അമിതവേഗത്തിലും അപകടകരമായും ലൈസൻസ് ഇല്ലാതെയും ഹെൽമറ്റ് ഉപയോഗിക്കാതെയും മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെയും ആൽക്കോ മീറ്റർ, സ്പീഡ് ഡിറ്റക്ഷൻക്യാമറ, സ്പീഡ് റഡാർ, ഇന്റർ സെപ്റ്റർ വെഹിക്കിൾ എന്നിവ ഉപയോഗിച്ച് വാഹന പരിശോധനകൾ ഊർജിതമാക്കിയിട്ടുള്ളതാണ്. ഇത്തരക്കാർക്കെതിരെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതടക്കമുള്ള നടപടി നടത്തി വരുന്നതുമാണ്. മോഡൽ റോഡ് പദ്ധതി നടപ്പാക്കി ടി റോഡിൽ പ്രത്യേക വാഹന പരിശോധന നടത്തി വരുന്നതും മോഡൽ ജംഗ്ഷൻ ആരംഭിച്ചും, മുന്നറിയിപ്പ് ബോർഡുകൾ ബ്ളിംഗിംഗ് ലൈറ്റുകൾ ബ്ളിംഗിംഗ് സ്റ്റഡുകൾ എന്നിവ സ്ഥാപിച്ചും സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷിച്ചും റോഡ് മാർജിനുകൾ അടയാളപ്പെടുത്തിയും, സ്ക്കൂളുകളിലും കോളേജുകളിലും, പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും ട്രാഫിക് |

ബോധവത്കരണ ക്ലാസുകൾ നടത്തിയും ലഘുലേഖകൾ വിതരണം ചെയ്തും മോട്ടോർ വാഹനവകുപ്പുമായി ചേർന്ന് സംയുക്ത വാഹന പരിശോധന നടത്തിയും അപകടമേഖലകൾ കേന്ദ്രീകരിച്ച് മുന്നറിയിപ്പ് ബോർഡുകളും സൈൻ ബോർഡുകളും സ്ഥാപിച്ചും റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പി.ഡബ്ല്യൂ.ഡി, കെ.എസ്.ടി.പി, നാഷണൽ ഹൈവേ അതോറിറ്റി എന്നിവയുമായി ചേർന്ന് റോഡിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ, സ്ട്രീറ്റ് ലൈറ്റുകൾ, ഹംബുകൾ, സീബ്രാ ലൈനുകൾ എന്നിവ സ്ഥാപിച്ചും സുരക്ഷാ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് വേണ്ടി ഹൈവേ ജാഗ്രതാ സമിതികൾ, റോഡ് സേഫ്റ്റി ക്ലബുകൾ, റോഡ് സേഫ്റ്റി അതോറിറ്റി എന്നിവ രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

ഇതിനെല്ലാം ഉപരിയായി ട്രാഫിക് എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കേരളത്തിലെ റോഡുകളിൽ വാഹനാപകടങ്ങൾ പരമാവധി കുറച്ച് മെച്ചപ്പെട്ട സുരക്ഷ ഉറപ്പാക്കുന്നതിനും അപകടകരമായ ഡ്രൈവിംഗ് നിയന്ത്രിക്കുന്നതിനുമായാണ് സംസ്ഥാന സർക്കാരും കേരള പോലീസുമായി ചേർന്ന് ശുഭയാത്ര എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. അമിത വേഗതയും മറ്റ് ഗതാഗത നിയമലംഘനങ്ങൾ ഉൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ച് കൊണ്ടു വരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ് മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ കണക്കു പ്രകാരം കഴിഞ്ഞ എട്ട് വർഷകാലയളവിൽ ഓരോ വർഷവും നടന്ന അപകടങ്ങൾ, അതിൽ മരണപ്പെട്ടവർ, അംഗവൈകല്യം സംഭവിച്ചവർ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി)

| വർഷം | ആകെ അപകട കേസുകൾ | മരണം | അംഗ വൈകല്യം സംഭവിച്ചവർ |
|---|---|---|---|
| 2010 | 35082 | 3950 | 42 |
| 2011 | 35216 | 4145 | 45 |
| 2012 | 36174 | 4286 | 39 |
| 2013 | 35215 | 4258 | 39 |
| 2014 | 36282 | 4049 | 54 |
| 2015 | 39014 | 4196 | 66 |
| 2016 | 39420 | 4287 | 62 |
| 2017 | 38470 | 4131 | 57 |

(സി) ഇവരിൽ അംഗവൈകല്യം സംഭവിച്ചവർക്ക് നൽകുന്ന സർക്കാർ സഹായങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) അപകടങ്ങളിൽ അംഗവൈകല്യം സംഭവിക്കുന്നവർക്ക് പരിക്കിന്റെ വ്യാപ്തിക്കനുസരിച്ചും മെഡിക്കൽ സർട്ടിഫിക്കറ്റിലെ ചികിത്സാ ചെലവിന് ആനുപാതികമായും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം CMDRF മാനദണ്ഡം പാലിച്ചു കൊണ്ട് അനുവദിക്കുന്നുണ്ട്.

(ഡി) അപകടങ്ങൾ കുറയ്ക്കുവാനായി ആഭ്യന്തര വകുപ്പും മറ്റു വകുപ്പുകളും ചേർന്ന് നടപ്പാക്കിയ ശബരിമല സേഫ് സോൺ പദ്ധതിയുടെ നടത്തിപ്പും റിസൾട്ടും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ശബരിമല സേഫ് സോൺ പദ്ധതിയുടെ ഭാഗമായി തീർത്ഥാടന കാലയളവിൽ ശബരിമല തീർത്ഥാടന പാതകളായ പത്തനംതിട്ട - പമ്പ, എരുമേലി - പമ്പ, എരുമേലി - പൊൻകുന്നം, എരുമേലി - കാഞ്ഞിരപ്പള്ളി, കെ. കെ. റോഡ് എന്നിവിടങ്ങളിൽ ഹെൽപ് ലൈൻ നമ്പരുകളോടു കൂടിയ ദിശാസൂചക ബോർഡുകളും, മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിക്കുന്നു. അപകട സാധ്യതയുള്ള കൊടും വളവുകളിൽ പോളിക്രോം കോൺവെക്സ് മിററുകൾ സ്ഥാപിക്കുന്നു. തീർത്ഥാടന പാതയിലെ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പി.ഡബ്ല്യൂ.ഡി മുഖാന്തിരം ബാരിക്കേഡുകൾ സ്ഥാപിക്കുന്നു.

മേൽപറഞ്ഞ പാതകളിലെ അപകടങ്ങൾക്ക് അപ്പപ്പോൾ രക്ഷാ പ്രവർത്തനം നടത്തുന്നു. വാഹന നിർമ്മാണ കമ്പനികളുടെ സഹായത്തോടെ തീർത്ഥാടന പാതയിൽ എവിടെയും വാഹനങ്ങളുടെ ബ്രേക്ക് ഡൗൺ തത്സമയം ശരിയാക്കി റോഡു ഗതാഗതം സുഗമമാക്കുന്നു.

| | |
|---|---|
| (ഇ) പ്രസ്തുത സേഫ് സോൺ പദ്ധതി ഫലപ്രദമാണ് എങ്കിൽ സംസ്ഥാന വ്യാപകമായി ഘട്ടം ഘട്ടമായി ആയത് നടപ്പാക്കുന്നത് പരിഗണിയ്ക്കുമോ ? | (ഇ) പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ